Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127
www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്‍

31st March 2016

## സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണര്‍ ചുമതലയേറ്റു

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറായി വി.ഭാസ്ക്കരന്‍ വ്യാഴാഴ്ച ചുമതലയേറ്റു. മുന്‍ കോഴിക്കോട് പ്രിന്‍സിപ്പല്‍ ജില്ലാ ജഡ്ജിയായ അദ്ദേഹം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്‍റെ ആറാമത്തെ കമ്മീഷണറാണ്. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷന്‍ ഉദ്യോഗസ്ഥര്‍ പുതിയ കമ്മീഷണറെ സ്വീകരിച്ചു. ചുമതലയേറ്റ ശേഷം കമ്മീഷണര്‍ രാജ്ഭവനിലെത്തി സംസ്ഥാന ഗവര്‍ണ്ണറെ സന്ദര്‍ശിച്ചു. തുടര്‍ന്ന് കമ്മീഷന്‍ ആസ്ഥാനത്തു നടന്ന യോഗത്തില്‍ അദ്ദേഹം ഉദ്യോഗസ്ഥരെ അഭിസംബോധന ചെയ്തു സംസാരിച്ചു.

പയ്യന്നൂര്‍ വേങ്ങര സ്വദേശിയായ വി.ഭാസ്ക്കരന്‍ പയ്യന്നൂര്‍ കോളെജിലും ഉഡുപ്പി ലോ കോളേജിലുമായി വിദ്യാഭ്യാസം പൂര്‍ത്തിയാക്കി. മാനന്തവാടിയില്‍ മുന്‍സിഫ് മജിസ്ട്രേറ്റായി 1988-ല്‍ ജൂഡീഷ്യല്‍ സര്‍വ്വീസില്‍ പ്രവേശിച്ച അദ്ദേഹം പരപ്പനങ്ങാടി, കണ്ണൂര്‍, വടകര, കൊല്ലം, തൊടുപുഴ, കൊച്ചി, മഞ്ചേരി, തൃശ്ശൂര്‍ എന്നിവിടങ്ങളില്‍ വിവിധ പദവികളില്‍ സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2013 മുതല്‍ കോഴിക്കോട് പ്രിന്‍സിപ്പല്‍ ജില്ലാ ജഡ്ജിയാണ്. മീരയാണ് ഭാര്യ.

*(എസ്.ഇ.സി. 17/2016)*

## യാത്രയയപ്പ് നല്‍കി

സര്‍വ്വീസില്‍ നിന്നും വിരമിച്ച സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്‍ സെക്രട്ടറി പി.ഫ്രാന്‍സിസ് ഡിക്രൂസിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്‍ ആസ്ഥാനത്ത് വ്യാഴാഴ്ച നടന്ന ചടങ്ങില്‍ യാത്രയയപ്പ് നല്‍കി. യോഗത്തില്‍ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണര്‍ വി.ഭാസ്ക്കരനും കമ്മീഷന്‍ ഉദ്യോഗസ്ഥരും പങ്കെടുത്തു.

*(എസ്.ഇ.സി. 18/2016)*